Draft #3 of File 88344/ACA16-2/2024/ACA 16 Approved by ASSISTANT REGISTRAR III (ACADEMIC) on 16-Aug-2024 11:04 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

The MGU-UGP (Honours), 2024 - BA (Hons) / BSc (Hons) / BCom (Hons) എന്നീ Nomenclature അല്ലാതെയുള്ള പ്രോഗ്രാമുകൾക്ക് വേണ്ടി Ability Enhancement Courses (AEC) തെരഞ്ഞെടുക്കുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ACA 16

നമ്പർ. 7545/ACA 16/2024/എം.ജി.യു                                         പ്രിയദർശിനി ഹിൽസ്,തീയതി: 17.08.2024

---

*പരാമർശം:*-1) 29.06.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ : ഒ.എ.23/24.04

2) മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ 16.08.2024 തീയതിയിൽ നൽകിയ ഉത്തരവ്.

**ഉത്തരവ്**

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി എല്ലാ പ്രോഗ്രാമുകൾക്കും ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഭാഷാ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി Ability Enhancement Courses നിർബന്ധമാക്കിയിട്ടുണ്ട്.നിലവിൽ ഉപഭാഷ (Second Language) എന്ന നിലയിൽ ഉപഭാഷാ പഠനം ഇല്ലാതിരുന്ന BA (Hons)/BSc (Hons)/BCom (Hons) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടാത്ത പ്രോഗ്രാമുകൾക്ക് വേണ്ടി AEC English തെരഞ്ഞെടുക്കുന്ന ഘട്ടത്തിൽ AEC for Commerce തെരഞ്ഞെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

പ്രസ്തുത തീരുമാനത്തിൽ AEC English തെരഞ്ഞെടുക്കുന്നതിന് മാത്രമാണ് തീരുമാനം ഉണ്ടായത്. എന്നാൽ നിലവിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള റഗുലേഷൻസിൽ എല്ലാ പ്രോഗ്രാമുകൾക്കും ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഭാഷാ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി AEC നിർബന്ധമാക്കിയിട്ടുള്ളതും ആയതിൽ English, Other Language എന്നിവ ഉൾപ്പെട്ടിട്ടുള്ളതും ആകുന്നു. മുൻപ് ചില ബിരുദ പ്രോഗ്രാമുകളിൽ ഇല്ലാതിരുന്ന ഉപഭാഷ (രണ്ടാം ഭാഷ) നിലവിൽ എല്ലാ പ്രോഗ്രാമുകളിലും ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഉൾപ്പെടുന്നതിനാൽ ആയത് തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനം കൂടി ഉണ്ടാകേണ്ടിയിരുന്നു.

"ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി എല്ലാ പ്രോഗ്രാമുകൾക്കും ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഭാഷാ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി Ability Enhancement Courses (English & Other Language) നിർബന്ധമാക്കിയിട്ടുള്ളതിനാൽ നിലവിൽ BA (Hons)/BSc (Hons)/BCom (Hons) എന്നീ Nomenclature പ്രകാരം ഉള്ളവ ഒഴികെയുള്ള പ്രോഗ്രാമുകൾക്ക് വേണ്ടി AEC English തെരഞ്ഞെടുക്കുന്ന ഘട്ടത്തിലും AEC (Other Language) തെരഞ്ഞെടുക്കുന്ന ഘട്ടത്തിലും AEC for Commerce -നായി ബന്ധപ്പെട്ട സിലബസുകളിൽ നൽകിയിരിക്കുന്ന കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും AICTE അംഗീകാരത്തോടെ

ആരംഭിച്ചിട്ടുള്ള BBA പ്രോഗ്രാമുകൾക്കും ടി തീരുമാനം ബാധകമാക്കുന്നതിനും" ഉള്ള ശിപാർശ സമർപ്പിച്ചിരുന്നു .

വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ടി ശിപാർശ, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അക്കാദമിക് കൗൺസിലിന്റെ അധികാരം വിനിയോഗിച്ച്, വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു (പരാമർശം (2)) .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കും.
2) വൈസ് ചാൻസലറുടെ പി.എസ്.
3) രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
4) ജെ.ആർ. II (ഭരണ വിഭാഗം) / ഡി.ആർ. II / എ.ആർ.III (അക്കാദമിക വിഭാഗം)
5) ജെ.ആർ. I / ഡി.ആർ. IV, IX / എ.ആർ. XIV, XV, XIX, XXIII (പരീക്ഷാവിഭാഗം)
6) ബന്ധപ്പെട്ട പരീക്ഷാ / അക്കാദമിക സെക്ഷനുകൾ
7) ഐ ടി സെൽ 1/ ഐ ടി സെൽ 2 / ഐ ടി സെൽ 3 സെക്ഷനുകൾ
8) എ സി സി 1/ എ സി സി 2 സെക്ഷനുകൾ
9) ആക്ഷൻ ടേക്കൺ റിപ്പോർട്ട്
10) പി.ആർ.ഒ. / ഐ.ക്യു.എ.സി / റെക്കോർഡ്സ് സെക്ഷനുകൾ
11) കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഫയൽ നമ്പർ. 88344/ACA16-2/2024/ACA 16

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 88344/ACA16-2/2024/ACA 16 Approved by ASSISTANT REGISTRAR III (ACADEMIC) on 16-Aug-2024 11:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം